**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 589** **30-01-2024 - ൽ മറുപടിയ്ക്ക്**

**കെ.എസ്.എഫ്.ഇ പവർ ആപ്ലിക്കേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഇ-ഗവേണൻസ് പദ്ധതിയുടെ ഭാഗമായി ആവിഷ്കരിച്ച 'കെ.എസ്.എഫ്.ഇ. പവർ' എന്ന ആപ്ലിക്കേഷൻ പരിഷ്കരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (എ) | കെ.എസ്.എഫ്.ഇ പവർ ആപ്ലിക്കേഷൻ പരിഷ്കരിക്കുന്നതിന്റെ ഭാഗമായി, ചിട്ടി അടയ്ക്കുന്നതിനും, അതിന്റെ വിശദാംശങ്ങൾ അറിയുന്നതിനും, ചിട്ടി ലേലത്തിന് പ്രോക്സി നൽകുന്നതിനും ഉള്ള സംവിധാനത്തിനു പുറമെ, വായ്പകളെല്ലാം തന്നെ ഒടുക്കുന്നതിനും അതിന്റെ വിശദാംശങ്ങൾ അറിയുന്നതിനുമുള്ള സംവിധാനങ്ങൾ കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത ആപ്ലിക്കേഷൻ മുഖേന കൂടുതൽ സേവനങ്ങൾ ഓൺലൈനായി നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | കൂടുതൽ സേവനങ്ങൾ ഓൺലൈനായി നൽകുന്നതിനായി പുതിയ ചിട്ടിയുടെ ആദ്യ തവണ പണമടയ്ക്കുന്നതിനും, 24 മണിക്കൂറും ഉപഭോക്താവിന് പണമെടുക്കാവുന്ന രീതിയിൽ ഗോൾഡ് ഓവർ ഡ്രാഫ്റ്റ് സൗകര്യങ്ങളും ഉടൻ തന്നെ ടി ആപ്ലിക്കേഷനിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിച്ചു വരുന്നു. കൂടാതെ മൊബൈൽ ആപ്ലിക്കേഷനിലുള്ള എല്ലാ സൗകര്യങ്ങളും നൽകുന്ന വെബ് പോർട്ടൽ സംവിധാനവും തയ്യാറായി വരുന്നു. |

സെക്ഷൻ ഓഫീസർ